# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1754

10.03.2020 ൽ മറുപടി
നൽകേണ്ടിയിരുന്നത്.

### ഡിജിറ്റൽ ഗതാഗത മേൽനോട്ട പദ്ധതി

| ചോദ്യം<br>ശ്രീ.കെ.എൻ.എ.ഖാദർ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കേരള പോലീസ് വിവിധ സ്ഥലങ്ങളിൽ ക്യാമറകൾ സ്ഥാപിച്ചുകൊണ്ടുള്ള ഡിജിറ്റൽ ഗതാഗത മേൽനോട്ട പദ്ധതി (ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം) നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനെക്കുറിച്ച് വിശദീകരിക്കുമോ; | (എ) | ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം എന്ന പദ്ധതി നടപ്പിലാക്കാൻ 05/10/2018 തീയതിയിൽ GO(MS) 155/2018/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.<br>സംസ്ഥാനത്ത് ഗതാഗത നിയന്ത്രണത്തിനും, എൻഫോഴ്സ്മെന്റിനും വലിയതോതിലുള്ള മനുഷ്യവിഭവശേഷി ഉപയോഗിക്കേണ്ടതായി വരുന്നുണ്ടെങ്കിലും വാഹനപ്പെരുപ്പം കണക്കാക്കിയാൽ ഇത് അപര്യാപ്തമാണ്. ആയതിനാൽ ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഗതാഗത നിയന്ത്രണവും എൻഫോഴ്സ്മെന്റും നടപ്പിലാക്കേണ്ടത് സംസ്ഥാനത്തെ വാഹന യാത്രക്കാരുടെയും, പൊതുജനങ്ങളുടെയും സുരക്ഷിതത്വത്തിന് അനിവാര്യമാണ്. |

| | | | |
|---|---|---|---|
| (ബി) | ഇതിനായി കമ്പനികളിൽ നിന്ന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ; ഇത് നടപ്പിലാക്കുന്നതിനായി കമ്പനികളുമായി സർക്കാർ ഏർപ്പെടുന്ന കരാറിന്റെ വ്യവസ്ഥകൾ എന്തൊക്കെ; മുമ്പ് നിശ്ചിയിച്ചിരുന്നതിൽ നിന്നും കരാർ വ്യവസ്ഥകൾ ഏതെങ്കിലും പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം എന്ന പദ്ധതി നടപ്പിലാക്കുവാൻ സംസ്ഥാന സർക്കാരിനോ പോലീസ് വകുപ്പിനോ യാതൊരുവിധ ചെലവും, ബാധ്യതയും ഉണ്ടാകുന്നില്ല. ഈ പദ്ധതിയുടെ installation, maintenance, operation തുടങ്ങിയവയുടെ മുഴുവൻ ചെലവുകളും കരാർ നേടുന്ന കമ്പനിയാണ് വഹിക്കേണ്ടത്.<br><br>പ്രസ്തുത ടെണ്ടറിൽ കെൽട്രോൺ, സിഡ്കോ IT &TC ഡിവിഷൻ എന്നീ രണ്ടു സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ ബിഡ് സമർപ്പിച്ചിരുന്നു. എന്നാൽ ടെണ്ടർ നടപടികൾ പരിഷ്കരിക്കണമെന്നും, ഈ പദ്ധതി റീ-ടെൻഡർ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുമുള്ള സാങ്കേതിക സമിതി ചെയർമാന്റെ ശിപാർശ പ്രകാരം പ്രസ്തുത പദ്ധതി റീ ടെണ്ടർ ചെയ്യുവാനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പിഴ തുകയുടെ വിഹിതം പങ്കുവെക്കുന്ന കാര്യത്തിൽ ആ ഘട്ടത്തിൽ മാത്രമേ അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**